# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

## 2021 ജനുവരി 22 - ന് നിയമസഭ പാസ്സാക്കിയ പ്രമേയം

കംപ്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019 - ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 19 ന് ഈ സഭയുടെ മേശപ്പുറത്തു വയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37 ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു മാത്രമല്ല, കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താൽപര്യങ്ങളെ ഹനിക്കുന്നതിനുവേണ്ടി അനാവശ്യവും ദുരൂഹവുമായ ധൃതിയിലും എഴുതി ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.ആന്റ്എ.ജി തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻ ലംഘിച്ചു കൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിൽ ഇല്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്.

കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജെന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി.ആന്റ് എ.ജി യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുള്ളതുമാണ് എന്ന് മാത്രവുമല്ല സി.ആന്റ് എ.ജി യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമാണ്.

സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019 ലെ മേൽപരാമർശങ്ങൾ സി.ആന്റ്എ.ജി ഓഡിറ്റ് റെഗുലേഷനുകൾ, സാമാന്യ നീതി, പ്രൊഫഷണൽ സമീപനം, രാഷ്ട്രീയമായ

നിഷ്പക്ഷത എന്നിവയുടെ ലംഘനമായതിനാൽ ഈ സമീപനത്തിലൂടെ കേരള സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യങ്ങളെ അപകടപ്പെടുത്തുന്ന സമീപനമായി മാറിയതിൽ ഈ സഭയുടെ ഉത്കണ്ഠ സി.ആന്റ് എ.ജി യെ അറിയിക്കുവാൻ തീരുമാനിക്കുന്നു.

ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019 - ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു.

തിരുവനന്തപുരം
22.01.2021

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.